LIBRARY ARCHIVES Kerala Legislative Assembly

അവയവമാറ്റ ശസ്ത്രക്രിയ

42 (2251) ശ്രീ. എൻ എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് നിലവിലുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ലിവർ ട്രാൻസ്പ്ലാന്റേഷൻ സൗകര്യം ഇല്ലാത്ത മെഡിക്കൽ കോളേജുകളിൽ ആയതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ ;

(സി) അവയവമാറ്റ ശസ്ത്രക്രിയകൾക്ക് അനിവാര്യമായ ആധുനിക അടിസ്ഥാന സൗകര്യങ്ങളും യന്ത്രസാമഗ്രികളും ഏർപ്പെടുത്തുന്നതിനും ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ നിലവിൽ നാല് സർക്കാർ മെഡിക്കൽ കോളേജുകളിലാണ് ഇപ്പോൾ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്യുന്നത്. ഈ മെഡിക്കൽ കോളേജുകളിൽ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ഓപ്പറേഷൻ തിയറ്ററുകൾ, ഡയാലിസിസ് യൂണിറ്റുകൾ, ട്രാൻസ്പ്ലാന്റ് ഐ.സി.യു. എന്നീ സൗകര്യങ്ങളുണ്ട്. ആദ്യ കരൾമാറ്റ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തുടങ്ങാൻ തീരുമാനിക്കുകയും അതിനായുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ഇത്തരമൊരു സമഗ്രപദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കരൾമാറ്റ ശസ്ത്രക്രിയ പദ്ധതിക്കുള്ള ക്രമീകരണങ്ങൾ പൂർത്തിയായിവരുന്നു.

ഹെൽത്ത് സെന്ററുകളിലെ ജീവനക്കാരുടെ അപര്യാപ്തത

43 (2252) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്ററുകളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ആവശ്യമായ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും തസ്തിക ഇനം തിരിച്ച് വ്യക്തമാക്കാമോ ;